10

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 FEBRUARY 2022



# ദുബായ് എക്സ്പോയിൽ വിദേശ നിക്ഷേപ സാധ്യതകളുടെ വാതിൽ തുറന്ന് കേരളം

ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് ഏറ്റവും യോജിച്ച സംസ്ഥാനമായി തിളങ്ങുവാൻ ദുബായ് എക്സ്പോയിലെ ഇന്ത്യൻ പവലിയനിൽ നിക്ഷേപ സാധ്യതകളുടെ വാതിൽ തുറന്ന് കേരളവും. കേരളത്തിലെ വിവിധ വകുപ്പുകളിലെ പദ്ധതികളുടെ ഹ്രസ്വ വിഡിയോ പ്രദർശനമുൾപ്പെടെയുള്ള പവിലിയൻ 2022 ഫെബ്രുവരി നാലിന് വൈകിട്ട് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കേരളത്തെ വ്യവസായ സൗഹൃദ ആന്തരീക്ഷമുള്ള സംസ്ഥാനമായി ഉയർത്തികാട്ടി വിദേശ നിക്ഷേപകരെ ഉൾപ്പെടെ എത്തിക്കാനുള്ള പരിപാടികളാണ് എക്സ്പോയുമായി ബന്ധപ്പെടുത്തി വിഭാവന ചെയ്തിരിക്കുന്നത്. ഇതിന്റെ ഭാഗമായി രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തി രണ്ടു നിക്ഷേപക സംഗമങ്ങളുൾപ്പെടെ ദുബായിയിൽ സംഘടിപ്പിക്കും. അറബ്, രാജ്യാന്തര വ്യവസായികളെ ഉൾപ്പെടുത്തി ഒരു നിക്ഷേപക സംഗമവും മലയാളി വ്യവസായികളെ ഉൾപ്പെടുത്തി മറ്റൊരു സംഗമവുമാണ് അഞ്ച്, ആറ് തീയതികളിലായി സംഘടിക്കപ്പെടുക.

ബഹു. കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയനെ കൂടാതെ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും ഫെബ്രുവരി നാലു മുതൽ പത്തുവരെ സംഘടിപ്പിക്കുന്ന കേരള പവിലിയനിലെത്തും. ഇതിനു പുറമേ കലാസാംസ്കാരിക പരിപാടികളും എക്സ്പോയിലെ ഇന്ത്യൻ പവിലിയനിൽ ദിവസവും അരങ്ങേറും.



ദുബായ് എക്സ്പോ 2020 കേരള പവലിയന്റെ ഉദ്ഘാടന ചടങ്ങിന് മുന്നോടിയായി ഫെബ്രുവരി ഒന്നിന് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് എന്നിവർ ദുബായിയിൽ നടത്തിയ കൂടിക്കാഴ്ച്ചയിൽ നിന്ന്.

ഫെബ്രുവരി നാല് മുതൽ പത്തു വരെയുള്ള കേരള പവലിയൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കെഎസ്ഐഡിസി എം. ഡി ശ്രീ. എം. ജി രാജമാണിക്യം ഐ. എ. എസ്, കെബിപ്സി. ഇ. ഒ ശ്രീ. സൂരജ് എസ്. നായർ എന്നിവർ 2022 ജനുവരി 17 മുതൽ 20 വരെ ദുബായിയിൽ സന്ദർശനം നടത്തിയിരുന്നു. കേരളത്തിലേക്ക് വിദേശ നിക്ഷേപകരെ ഉൾപ്പെടെ എത്തിക്കാനുള്ള എല്ലാ നടപടികൾക്കും ഇന്ത്യൻ അധികൃതരും ബിസിനസ് സമൂഹവും പൂർണ പിന്തുണ ഉറപ്പു നൽകിയെന്നും ചർച്ചകൾ പൂർണ വിജയമായിരുന്നെന്നും ഇരുവരും അറിയിച്ചു.








# ഉത്പാദന മേഖലക്ക് ആവേശമായി മെഷിനറി എക്സ്പൊ 2022




സംസ്ഥാന വ്യവസായ - വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ വ്യവസായ യന്ത്രപ്രദർശന മേളയായ 'മെഷിനറി എക്സ്പൊ 2022' ന്റെ ഉദ്ഘാടനം 2022 ജനുവരി 24 ന് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് ഓൺലൈനായി നിർവഹിച്ചു. 2022 ജനുവരി 24 മുതൽ 27 വരെ എറണാകുളം കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ നടന്ന മേള സംഘാടന മികവ് കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായിരുന്നു.

ചടങ്ങിൽ ബഹു. കൊച്ചി നഗരസഭാ മേയർ അഡ്വ. ശ്രീ. എം അനിൽ കുമാർ അധ്യക്ഷത വഹിച്ചു. വ്യവസായ വാണിജ്യ വകുപ്പിന്റെ ഡയറക്ടറി ബഹു. എം.പി ശ്രീ. ഹൈബി ഈഡൻ പ്രകാശനം ചെയ്തു. ശ്രീ. ടി. ജെ വിനോദ് എം.എൽ.എ മുഖ്യാതിഥിയായി. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ. എ. എസ്, എംഎസ്എംഇ ജോയിന്റ് ഡയറക്ടർ ശ്രീ. ജി. എസ് പ്രകാശ്, കേരള ചെറുകിട വ്യവസായ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. എം. ഖാലിദ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷ്ണൽ ഡയറക്ടർ ശ്രീ. കെ. സുധീർ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. ബിജു പി എബ്രഹാം തുടങ്ങിയവർ സംസാരിച്ചു.

നാല് ദിവസം നീണ്ട് നിന്ന എക്സ്പോയിൽ കാർഷിക ഭക്ഷ്യസംസ്കരണം, ഇലക്ട്രിക്കൽ - ഇലക്ട്രോണിക്സ് ജനറൽ എഞ്ചിനിയറിങ് തുടങ്ങിയ മേഖലയിലെ നൂതന യന്ത്ര സാമഗ്രികളുൾപ്പെടെയുള്ളവ പരിചയപ്പെടുത്തി. ഇതിന് പുറമെ കേരളത്തിലെ സൂക്ഷ്മ - ചെറുകിട മേഖലയിലെ ഉൽപാദകർക്ക് അവർക്കാവശ്യമായ അത്യാധുനിക യന്ത്രോപരണങ്ങളും സാങ്കേതികവിദ്യയും മനസ്സിലാക്കാനും സ്വന്തമാക്കാനും മേളയിലൂടെ അവസരമൊരുക്കിയിരുന്നു. സംസ്ഥാനത്തിന് അകത്തും പുറത്തുനിന്നുമായി എത്തിച്ച മെഷിനറികളും സാങ്കേതിക സ്ഥാപനങ്ങളും അടക്കം 140ഓളം സ്റ്റാളുകൾ എക്സ്പോയിലുണ്ടായിരുന്നു. പൂർണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്ന എക്സ്പോയിലേക്ക് ഓൺലൈൻ / സ്പോട് രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് മാത്രമായിരുന്നു പ്രവേശനം.

## ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ;
## പ്രവാസികൾക്ക് പുതിയ വായ്പ്പാ പദ്ധതിയുമായി വ്യവസായ വകുപ്പ്




ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കാനുള്ള 'സംരംഭക വർഷം' പദ്ധതിയിൽ പ്രവാസികൾക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കും. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ പി. രാജീവ് , നോർക്ക എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ശ്രീ. പി.ശ്രീരാമകൃഷ്ണൻ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ ഇതിനുള്ള ധാരണയായിട്ടുണ്ട്.

സംസ്ഥാന തല ബാങ്കേഴ്സ് സമിതി, കേരള ബാങ്ക് എന്നിവരുടെ സഹകരണത്തോടെ കുറഞ്ഞ പലിശ നിരക്കിൽ പ്രവാസി സംരംഭകർക്ക് വായ്പ നൽകാൻ നടപടികൾ സ്വീകരിക്കും. കൂടാതെ സർക്കാരിന്റെ പലിശയിളവും നൽകാൻ ആലോചിക്കുന്നുണ്ട്. ഇതിനൊപ്പം 'ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു ഉൽപന്നം' എന്ന പദ്ധതി പ്രകാരം പ്രവാസി സംരംഭകർക്ക് അവസരങ്ങളും നൽകും.

പ്രവാസി സംരംഭകർക്കായി വ്യവസായ വകുപ്പും നോർക്കയും ചേർന്ന് വിവിധ പരിശീലന പരിപാടികൾ ഒരുക്കുന്നതിനോടൊപ്പം പ്രവാസികളുടെ നൈപുണ്യം വ്യവസായങ്ങൾക്കായി ഉപയോഗപ്പെടുത്താനും പദ്ധതികൾ തയ്യാറാക്കും. ജില്ലാ വ്യവസായ കേന്ദ്രങ്ങളും നോർക്ക സംരംഭക സഹായ കേന്ദ്രങ്ങളും ഏകോപിപ്പിച്ചാകും ഇതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കുക.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.